# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5511 04.07.2013-ൽ മറുപടിക്ക്**

**പെരുനാട് - അത്തിക്കയം കുടിവെള്ളപദ്ധതി**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നി നിയോജക മണ്ഡലത്തിലെ പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിക്ക് എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ഇതിന്റെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവൃത്തികൾ എന്തൊക്കെയാണ്; ഇതിന്റെ ആദ്യ ഘട്ട നിർമ്മാണത്തിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ടെൻഡർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിക്ക് 14 കോടി രൂപയുടെ ഭരണാനുമതിയാണ് ആദ്യഘട്ടത്തിൽ നൽകിയിട്ടുള്ളത്. ശുദ്ധീകരണശാല, പമ്പിംഗ് മെയിൻ, ഗ്രാവിറ്റി ലൈനുകൾ പമ്പ് സെറ്റ് സ്ഥാപിക്കൽ നിലവിലെ കിണറിന്റെ പുനരുദ്ധാരണം എന്നീ പ്രവൃത്തികളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>കിണറുമുതൽ ശുദ്ധീകരണശാലവരെയുള്ള പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല, ഇടപ്പറ മല, കോട്ടപ്പാറ എന്നിവിടങ്ങളിലേക്കുള്ള പമ്പിംഗ് മെയിൻ എന്നിവയുടെ നിർമ്മാണത്തിനായി 3 ദർഘാസുകൾ വിളിച്ചിട്ടുണ്ട്. ഇതിൽ കിണർ മുതൽ ശുദ്ധീകരണശാല വരെയുള്ള പ്രവൃത്തിയുടെ ടെൻഡർ സ്ഥിരപ്പെടുത്തിക്കഴിഞ്ഞു. ശുദ്ധീകരണശാലയുടെ ടെൻഡർ പരിശോധിച്ചുവരുന്നു. മൂന്നാമത്തെ പ്രവൃത്തിയുടെ ടെണ്ടറിന്റെ പ്രൈസ് ബിഡ് 29/06/2013 ന് തുറന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയുടെ ശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തു നൽ കേണ്ട ചുമതല ആർക്കാണ്; ഇത് സംബന്ധിച്ച് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്; | (ബി) ശുദ്ധീകരണശാലയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽ കേണ്ട ചുമതല പഞ്ചായത്തുകൾക്കാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ പെരിനാട്-നാറാണംമൂഴി പഞ്ചായത്തുകൾ സംയുക്തമായി സ്ഥലം ഏറ്റെടുത്ത് നൽകണമെന്നാണ് യോഗ തീരുമാനം. |
| (സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ? | (സി) ശുദ്ധീകരണശാല നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിക്കുന്നതിനു വേണ്ടി റാന്നി എം.എൽ.എ ശ്രീ.രാജു എബ്രഹാം അവർകളുടെ അദ്ധ്യക്ഷതയിൽ, ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരുമായി ചേർന്ന് യോഗം കൂടുകയും സ്ഥലം സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ